KERALA INSTITUTE OF
LOCAL ADMINISTRATION
An autonomous body constituted by the Government of Kerala

Ph : Off (0487) 2200244, 2201768.
2201061,2201403.
Guest House : 2201779.
Fax: (0487) 2201062.
E-mail : kila@md2.vsnl.net.in
mail@kilaonline.org
Website: www.kilaonline.org

കില/ടി പി(ബി)830/2013 19.10.2013

പ്രേക്ഷിതൻ
ഡയറക്ടർ
കില

സ്വീകർത്താവ്
മുനിസിപ്പൽ കോർപ്പറേഷൻ മേയർ
മുനിസിപ്പൽ ചെയർമാൻ/ചെയർപേഴ്സൺ
ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്

സർ,

വിഷയം: കുടിവെള്ളം-ശുചിത്വം -ഗ്രാമസഭ/വാർഡ്സഭ മെമ്പർമാർക്കുള്ള പരിശീലന പരിപാടി സംബന്ധിച്ച്

സംസ്ഥാന സർക്കാരിന്റെ നിർദേശാനുസരണവും കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയും സംസ്ഥാനത്തെ എല്ലാ ഗ്രമാപഞ്ചായത്തു/നഗരസഭ വാർഡുകളിലും കുടിവെള്ളവും ശുചിത്വവുമായി ബന്ധപ്പെട്ട് ഗ്രാമസഭ/വാർഡ്സഭ മെമ്പർമാർക്ക് (വോട്ടർമാർക്ക്) പരിശീലനം നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങളുടേയും ജില്ലാ ആസൂത്രണ സമിതിയുടെയും വിവിധ സർക്കാർ വകുപ്പുകളുടേയും സാങ്കേതിക സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെയാണ് ഈ പരിശീലന പരിപാടി നടപ്പിലാക്കുന്നത്. ഓരോ വാർഡിലും തിരഞ്ഞെടുക്കപ്പെടുന്ന ഏകദേശം 125 പേർക്ക് പരിശീലനം നൽകുക എന്നതാണ് ലക്ഷ്യം.

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് അസോസിയേഷനുകൾ, മുനിസിപ്പൽ ചേംബർ, ജില്ലാ ആസൂത്രണ സമിതി ചെയർമാന്മാർ, വിവിധ സ്ഥാപന മേധാവികൾ തുടങ്ങി ബന്ധപ്പെട്ട എല്ലാവരുമായി ഇതി സംബന്ധിച്ച ചർച്ചകൾ നടന്ന് കഴിഞ്ഞിട്ടുണ്ട്.

മുഴുവൻ വാർഡുകളിലും മികച്ച രീതിയിൽ പരിശീലനം നടത്തുന്നതിനായി തദ്ദേശസ്വയംഭരണസ്ഥപാനതലത്തിലും വാർഡ്തലത്തിലും സംഘാടനസമിതികൾ രൂപീകരിക്കേണ്ടതാണ്. രാഷ്ട്രീയ പാർട്ടികൾ, കുടുംബശ്രീ, പി.ടി.എ കൾ, എച്ച്.എം.സി കൾ, അങ്കണവാടി വെൽഫെയർ കമ്മിറ്റികൾ, പാടശേഖരസമിതികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്ഥാപനങ്ങൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ക്ലബുകൾ, വായനശാലകൾ, യുവജന-വിദ്യാർത്ഥി-തൊഴിലാളി-സർവ്വീസ് സംഘടനകൾ എന്നിവയുടെ പ്രതിനിധികളെ സംഘാടക സമിതികളിൽ അംഗങ്ങളാക്കേണ്ടതാണ്. തദ്ദേശസ്വയംഭരണസ്ഥാപനതല സംഘടകസമിതിയുടെ ചെയർമാൻ തദ്ദേശസ്വയംഭരണസ്ഥാപന അദ്ധ്യക്ഷനും കൺവീനർ സെക്രട്ടറിയും ആയിരിക്കേണ്ടതാണ്. വാർഡ്തല സമിതിയുടെ ചെയർമാൻ വാർഡ്മെമ്പറും/കൗൺസിലറും, കൺവീനർ ഒരു സന്നദ്ധപ്രവർത്തകനും ആയിരിക്കേണ്ടതാണ്.

19255 വാർഡുകളിൽ ഈ പരിശീലന പരിപാടി നടത്തുന്നതിന് സംഘാടകരായും പരിശീലകരായും ഒട്ടേറെ പേർ അത്യാവശ്യമാണ്. ഇങ്ങനെയുള്ളവർക്ക് സംസ്ഥാന-ബ്ലോക്ക്-തദ്ദേശ ഭരണസ്ഥാപനതലങ്ങളിൽ പരിശീലനവും നൽകേണ്ടതുണ്ട്. ബ്ലോക്ക്തല പരിശീലനത്തിൽ ഓരോ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും 7 വീതം റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു. അതിനായി കുടിവെള്ള-ശുചിത്വ-മാലിന്യപരിചരണ വിഷയങ്ങളിൽ വൈദഗ്ദ്ധ്യമുള്ള ജനപ്രതിനിധികളല്ലാത്ത 7 വിദഗ്ദ്ധരെ താങ്കളുടെ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് നിർദ്ദേശിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ പരിശീലന പരിപാടിക്കായി ബ്ലോക്ക്-ജില്ലാതലങ്ങളിൽ കോ ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. (താങ്കളുടെ ജില്ലയിലെ കോഓർഡിനേറ്റർമാരുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു). പരിപാടിയുടെ വിശദ വിവരങ്ങൾ ബ്ലോക്ക് കോ ഓർഡിനേറ്റർ താങ്കളുമായി നേരിൽ സംസാരിക്കുന്നതാണ്. പരിപാടിയുടെ വിശദാംശങ്ങൾ അടങ്ങിയ കൈപുസ്തകം പിന്നീട് ലഭ്യമാക്കുന്നതാണ്.

എല്ലാ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്,

വിശ്വസ്തതയോടെ

ഡയറക്ടർ

പകർപ്പ്: സെക്രട്ടറി